പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | 04.07.2013 ലെ മറുപടിയ്ക്ക്

**ചോദ്യം നം.** T5607

## സീപ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| എ) സീപ്ലെയിൻ പദ്ധതി ആരംഭിക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ആശങ്ക അകറ്റാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;<br><br>ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യത്തൊഴിൽ നഷ്ടപ്പെടുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | എ & ബി) | കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ സീപ്ലെയിൻ പറന്നുയരുന്നതിന് 1 കി.മി നീളവും 250 മീ. വീതിയുമുള്ള ഒരു ചെറിയ പ്രദേശം മാത്രമാണ് ആവശ്യമുള്ളത്. എങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനായി പട്ടികജാതി, പിന്നോക്ക ക്ഷേമ, ടൂറിസം വകുപ്പ് മന്ത്രി, തുറമുഖ എക്സൈസ്, ഫിഷറീസ് വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ മത്സ്യബന്ധന രംഗത്തെ വിവിധ സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 22.5.2013 ന് ഒരു യോഗം ചേരുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെയും തുടർചർച്ചകളുടെയും അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാതു മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. |
| സി) പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര കോടി രൂപയാണ് ലാഭം പ്രതീക്ഷിക്കുന്നത് ? | സി) | ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള കണക്കുകൾ കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സാധ്യമല്ല. എങ്കിലും വരും വർഷങ്ങളിൽ ഈ ടൂറിസം പദ്ധതിയുടെ പ്രത്യക്ഷ ഗുണഫലങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ